പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2263 — 13.02.2013-ൽ മറുപടിയ്ക്ക്

## പരസ്യപ്രദർശന ബോർഡുകൾക്ക് വൈദ്യുതി ഉപയോഗിക്കുന്നതിന് നിരോധനം

ചോദ്യം

ശ്രീ. കെ. ശിവദാസൻ നായർ :

,, വി. റ്റി. ബൽറാം :

,, പാലോട് രവി :

,, ലൂഡി ലൂയിസ് :

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) പരസ്യപ്രദർശന ബോർഡുകൾക്ക് വൈദ്യുതി ഉപയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) പരസ്യ പ്രദർശന ബോർഡുകൾക്ക് വൈദ്യുതി ഉപയോഗിക്കുന്നതിൽ നിരോധനം ഏർപ്പെടുത്തണമെന്ന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2012 ഒക്ടോബർ 9-ാം തീയതിയിലെ ഉത്തരവി ലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകാൻ സർക്കിൾ, സെക്ഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകുമോ; | (ബി) പരസ്യാവശ്യങ്ങൾക്ക് വൈദ്യുതി ഉപയോഗിക്കുന്നവർക്ക്. മുന്നറിയിപ്പ് നൽകുന്നതിന് വിതരണ വിഭാഗം ചീഫ് എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഇത് ലംഘിക്കുന്നവരുടെ വൈദ്യുതി കണക്ഷൻ റദ്ദാക്കുന്ന കാര്യം ആലോചിക്കുമോ ; വിശദമാക്കുമോ ? | (സി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരസ്യപ്രദർശന ബോർഡുകൾക്ക് ഗ്രിഡിൽ നിന്നുള്ള വൈദ്യുതി ഉപയോഗിക്കരുത് എന്നുള്ള നിർദ്ദേശം വൈദ്യുതി ബോർഡ് ഇത്തരം ഉപഭോക്താക്കൾക്ക് നൽകിയിരുന്നു.<br><br>എന്നാൽ ഈ ഉപഭോക്താക്കളുടെ സംഘടന നിലവിലുള്ള വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് പരമാവധി സഹകരിക്കാമെന്നും, ടി ഉപഭോക്താ ക്കൾക്ക് പൂർണ്ണമായി വൈദ്യുതി നൽകാതിരുന്നാൽ അത് അവരുടെ നിലനിൽപ്പിനെ തന്നെ ബാധിക്കുമെന്നും വൈദ്യുതി ബോർഡിനെ |

അറിയിച്ചിട്ടുണ്ടായിരുന്നു. കൂടാതെ അവരുടെ ഈ ആവശ്യം ഡിസംബർ 10-ലെ പൊതു തെളിവെടുപ്പിൽ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിരുന്നു. ഇതു പരിഗണിച്ച് 15-12-2012-ൽ വൈദ്യുതി നിയന്ത്രണം സംബന്ധിച്ച് കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവിൽ പരസ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിരോധനം ഏർപ്പെടുത്തുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല. ആയതിനാൽ ഇത്തരക്കാരുടെ വൈദ്യുതി വിച്ഛേദിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടില്ല.

എന്നാൽ പരസ്യാവശ്യങ്ങൾക്കുപയോഗിക്കുന്ന വൈദ്യുതിക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും (മുൻവർഷത്തെ ഉപയോഗത്തിന്റെ 80%) നിയന്ത്രണത്തിന് മുകളിൽ ഉപയോഗിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും നിലവിലുള്ള ചാർജ്ജുകൾക്കു പുറമേ എനർജി ചാർജ്ജ്, പെനാൽറ്റി ആയി ഈടാക്കുകയും ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ.